"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ഉന്നത വിദ്യാഭ്യാസ (സി)വകുപ്പ്

11-04-2022,തിരുവനന്തപുരം

നമ്പർ.സി3/183/2019/ഉ.വി.വ

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

1. ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്
2. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ് - സേവന കാലത്ത് പി എച്ച് ഡി നേടുന്ന അസോസിയേറ്റ് പ്രഫസർമാർക്കുള്ള അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നത് സംബന്ധിച്ച്

സൂചന:- 1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 22.07.2019 ലെ ഡി കെ എസ് എ/2163/2019/യൂണി ാം നമ്പർ കത്ത്.
2)29/09/2021 ലെ ഇതേ നമ്പർ സർക്കാർ കത്ത്.
3) കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 11.10.2021 ലെ യുജിസി സെൽ 3/35565/2021-ഡിസിഇ ാം നമ്പർ കത്ത്.

27.03.2010 -ലെ സ.ഉ (അച്ചടി) നം.58/2010/ഉ.വി.വ പ്രകാരം 01.01.2006 പ്രാബല്യത്തിലാണ് ആറാം യു.ജി.സി സ്കീം കോളേജ് അദ്ധ്യാപകർക്ക് അനുവദിച്ചത്. ടി ഉത്തരവിലെ ക്ലോസ് 10.4 പ്രകാരം സേവനത്തിലിരിക്കെ പി.എച്ച്.ഡി കരസ്ഥമാക്കിയ അദ്ധ്യാപകർക്ക് 3 അഡ്വാൻസ് ഇൻക്രിമെന്റുകൾക്ക് അർഹതയുണ്ട്. കൂടാതെ ടി ഉത്തരവിലെ തന്നെ കരിയർ അഡ്വാൻസ്മെന്റ് സ്കീം സംബന്ധിച്ച ക്ലോസ്സ് 6 - ലെ സബ് ക്ലോസ്സ് 6.1.7, 6.1.8, 6.1.9, 6.1.10, 6.1.11, 6.1.12 എന്നിവ പ്രകാരം അസോസിയേറ്റ് പ്രൊഫസർ പ്ലെയ്സ്മെന്റിന് പി.എച്ച്.ഡി ഒരു നിർബന്ധിത യോഗ്യതയല്ല. 29.06.2019-ലെ സ.ഉ (അച്ചടി) നം.18/2019/ഉ.വി.വ പ്രകാരം 01.01.2016 പ്രാബല്യത്തിലാണ് ഏഴാം യു.ജി.സി സ്കീം പ്രകാരമുള്ള ശമ്പളം അനുവദിച്ച് നടപ്പിലാക്കിയതെങ്കിലും 17.07.2018 വരെ ആറാം യു.ജി.സി സ്കീം പ്രകാരമുള്ള നിയമന യോഗ്യതകളും CAS പ്ലെയ്സ്മെന്റുകളും അനുവദിച്ചിരുന്നു. ഏഴാം യു.ജി.സി സ്കീം പ്രകാരം എം.ഫിൽ, പി.എച്ച്.ഡി യോഗ്യതകൾക്ക് അഡ്വാൻസ് ഇൻക്രിമെന്റുകൾ അനുവദനീയമല്ല. എന്നാൽ 29.06.2019-ലെ ഉത്തരവ്, 23.01.2021 -ലെ സ.ഉ (അച്ചടി) നം.3/2021/ഉ.വി.വ എന്നിവ പ്രകാരം എം.ഫിൽ, പി.എച്ച്.ഡി

യോഗ്യതകൾക്കുള്ള അഡ്വാൻസ് ഇൻക്രിമെന്റുകൾ 17.07.2018 വരെ അനുവദനീയമാണ്. മേൽ സാഹചര്യത്തിൽ ആറാം യു.ജി.സി സ്കീം കാലയളവിൽ (17.07.2018 വരെ) പ്രീ-റിവൈസ്ഡ് പേ ബാൻഡിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിന്നും അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് പ്ലെയ്സ്മെന്റ് ലഭിച്ച അദ്ധ്യാപകർക്ക് അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ച് നൽകാവുന്നതാണ് എന്ന് അറിയിക്കുന്നു..

വിശ്വസ്തതയോടെ,
DEEPAK PAUL
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.